**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1816 | 21.01.2014 ൽ മറുപടിയ്ക്ക് |
|---|---|

**നിർഭയ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയ നിർഭയ-ഫണ്ടിൽനിന്നും സംസ്ഥാനത്തിന് വിഹിതം ലഭിച്ചിരുന്നോ; ഈ ഫണ്ടിൽനിന്നും ധനസഹായം അഭ്യർത്ഥിച്ച് സംസ്ഥാനം കേന്ദ്ര ഗവൺമെന്റിന് കത്തെഴുതിയിട്ടുണ്ടോ; എത്ര രൂപയാണ് ആവശ്യപ്പെട്ടത്; ആയതിന് എന്ത് മറുപടിയാണ് ലഭിച്ചത് ; | (എ) കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയ നിർഭയ ഫണ്ടിൽ നിന്നും സംസ്ഥാനത്തിന് വിഹിതം ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ നിർഭയ ഫണ്ടിൽ നിന്നും ധനസഹായം അഭ്യർത്ഥിച്ച് കേന്ദ്ര സർക്കാരിന് കത്ത് എഴുതിയിട്ടുണ്ട്.<br>300 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്രോജക്ട് റിപ്പോർട്ടാണ് കേന്ദ്രത്തിന് സമർപ്പിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. |
| (ബി) പീഡനത്തിന് ഇരയാകുന്ന വനിതകൾക്ക് സാമ്പത്തിക സഹായം നൽകാനും അവരുടെ പുനരധിവാസത്തിനുമായി മുൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എത്ര രൂപയാണ് വകയിരുത്തിയത്; അതിൽ എത്ര രൂപ ചെലവഴിച്ചു ; | (ബി) പീഡനത്തിനിരയാകുന്ന വനിതകൾക്ക് സാമ്പത്തിക സഹായത്തിനും പുനരധിവാസത്തിനുമായി മുൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. 2012-13 ൽ 65 ലക്ഷം രൂപ അധിക ധനസഹായം മുഖേന അനുവദിച്ചിട്ടുണ്ട്. ആയതിൽ 37,02,947/- രൂപ ചെലവഴിച്ചു. |
| (സി) എത്രപേർക്ക് ഈ പദ്ധതിയുടെ സഹായം ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി)പീഡനത്തിനിരയായ 2 പേർക്ക് സംസ്ഥാനത്തു നടപ്പാക്കുന്ന നിർഭയ പദ്ധതിയിൻ കീഴിൽ, സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.<br>(1) കണ്ണൂർ -1<br>(2) തിരുവനന്തപുരം- 1 |
| (ഡി) ഇരകളുടെ സംരക്ഷണത്തിനും സഹായ ഹസ്തം നൽകുന്നതിനും എല്ലാ ജില്ലകളിലും സെല്ലുകൾ സ്ഥാപിക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ സെല്ലുകൾ രൂപീകരിച്ചു; | (ഡി) എല്ലാ ജില്ലാ ആശുപത്രികളിലും 7 താലൂക്ക് ആശുപത്രികളിലും 'വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ' രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഭൂമിക സെന്ററുകളാണ് വൺ സ്റ്റോപ്പ് ക്രൈസിസ് സെൽ ആയി ശാക്തീകരിച്ചിട്ടുള്ളത്. |

| | |
|---|---|
| സെല്ലിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ; | വൺ സ്റ്റോപ്പ് ക്രൈസിസ് സെൽ രൂപീകരിച്ച താലൂക്ക് ആശുപത്രികൾ താഴെപ്പറയുന്നവയാണ്.<br>(1) കരുനാഗപ്പള്ളി<br>(2) തൊടുപുഴ<br>(3) നോർത്ത് പരവൂർ<br>(4) ചാവക്കാട്<br>(5) ആലത്തൂർ<br>(6) സുൽത്താൻ ബത്തേരി<br>(7) നെയ്യാറ്റിൻകര<br>ഫുൾ ടൈം കൗൺസിലർ, വനിതാ ഗൈനക്കോളജിസ്റ്റ്, വനിതാ അഭിഭാഷക, വനിതാ സർക്കിൾ ഇൻസ്പെക്ടർ, വനിതാ പ്രൊട്ടക്ഷൻ ഓഫീസർ എന്നിവർ സെല്ലിലെ അംഗങ്ങളാണ്. |
| (ഇ) ഇത്തരം സെല്ലുകളുടെ ഉത്തരവാദിത്വവും ചുമതലകളും നിർവ്വചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ? | (ഇ) ഉണ്ട്. പീഡിതയായി സെല്ലിൽ എത്തുന്നവരുടെ ആവശ്യമറിഞ്ഞ് ഒരു കുടക്കീഴിൽ നിന്നും കൗൺസലിംഗ്, വൈദ്യ, നിയമ, പോലീസ്, സംരക്ഷണ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഓരോ വകുപ്പിന്റേയും ഉദ്യോഗസ്ഥരുടെ ചുമതലകൾ 28.12.2013 ലെ സ.ഉ(സാധാ)നം.634/2013/സാനീവ പ്രകാരം നിർവ്വചിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ